പതിനാലാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3042    07.12.2018-ൽ മറുപടിയ്ക്ക്

# എക്സൈസ് ക്രൈംബ്രാഞ്ച് രൂപീകരണം

| ചോദ്യം<br>ശ്രീ.മോൻസ് ജോസഫ് | ഉത്തരം<br>ശ്രീ.ടി.പി.രാമകൃഷ്ണൻ<br>തൊഴിലും നൈപുണ്യവും എക്സൈസും വകുപ്പുമന്ത്രി |
|---|---|
| എ) കേസെടുത്ത ഉദ്യോഗസ്ഥൻ തന്നെ കുറ്റപത്രം സമർപ്പിക്കാൻ പാടില്ലെന്ന സുപ്രീംകോടതി വിധി അബ്കാരി കേസുകളെ എപ്രകാരം ബാധിക്കുമെന്ന് വ്യക്തമാക്കാമോ; | (എ) ഈ വിധി സംസ്ഥാനത്ത് എക്സൈസ് വകുപ്പ് രജിസ്റ്റർ ചെയ്യുന്ന കേസുകളുടെ അന്വേഷണത്തെ പ്രതികൂലമായി ബാധിക്കുന്നതാണ് |
| ബി) സംസ്ഥാനത്ത് എക്സൈസ് ക്രൈംബ്രാഞ്ച് വേണമെന്ന ആവശ്യം പരിഗണിക്കുന്നുണ്ടോ; വിശദാംശങ്ങൾവെളിപ്പെടുത്താമോ; കേസന്വേഷണം ഉയർന്ന ഉദ്യോഗസ്ഥരെ ഏൽപ്പിക്കുമ്പോൾ കുറ്റപത്രം സമർപ്പിച്ച കേസുകളെ പ്രസ്തുത വിധി എങ്ങനെ ബാധിക്കുമെന്ന് അറിയിക്കാമോ; | ബി) പരിശോധിച്ച് വരുന്നു. |
| സി) ഇപ്പോൾ നിലനിൽക്കുന്ന നാർക്കോട്ടിക് അബ്കാരി കേസ്സുകളിൽ പുനരന്വേഷണം വേണ്ടി വരുമോ എന്ന് വ്യക്തമാക്കാമോ; എങ്കിൽ എത്ര കേസുകളിൽ അന്വേഷണം വേണ്ടിവരുമെന്ന് വ്യക്തമാക്കാമോ; | യും യും സി) ബഹു.സുപ്രീംകോടതിയുടെ വിധിന്യായത്തിൽ കേസ് കണ്ടെത്തിയ ഉദ്യോഗസ്ഥന്റെ സീനിയറായ ഉദ്യോഗസ്ഥൻ കേസ് അന്വേഷണം നടത്തേണ്ടതുണ്ട് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്.<br>നിലവിൽ എക്സൈസ് വകുപ്പിൽ 30.08.2018 തീയതി വരെ 2753 കേസുകൾ കണ്ടെടുത്തിട്ടുണ്ട്<br>ഇതിൽ കേസ് കണ്ടുപിടിച്ച ഉദ്യോഗസ്ഥർ നിലവിൽ 1383 കേസുകൾ അന്വേഷിക്കുന്നു. പ്രസ്തുത കേസുകളുടെ അന്വേഷണം പ്രസ്തുത അധികാര പരിധിയിലുള്ള മറ്റ് ഉദ്യോഗസ്ഥർക്ക് കൈമാറിയിട്ടുണ്ട്.കേസ് കണ്ടെത്തിയ ഉദ്യോഗസ്ഥൻ തന്നെ അന്വേഷണം നടത്തി കുറ്റപത്രം ബഹു.കോടതിയിൽ സമർപ്പിച്ചിട്ടുള്ളവയിൽ ബഹു. കോടതിയുടെ അനുമതിയോടെ കേസുകൾ പുനരന്വേഷിക്കേണ്ടതുണ്ട്. |
| ഡി) കേസ്സുകൾഅന്വേഷിക്കാൻ ഉദ്യോഗസ്ഥരില്ലാത്ത അവസ്ഥയുണ്ടോ; പുതിയ കേസ്സുകളിൽ കുറ്റപത്രം നൽകാൻ കഴിയാത്ത സാഹചര്യം ഇപ്പോൾ എക്സൈസ് വകുപ്പിൽ നിലനിൽക്കുന്നുണ്ടോയെന്ന് വിശദമാക്കുമോ? | ഡി) ഇല്ല; ബഹു.സുപ്രീം കോടതിയുടെ 16.08.2018 ലെ Criminal Appeal No.1880 of 2011 മേലുള്ള വിധിയനുസരിച്ച് വകുപ്പിൽ എക്സൈസ് ഇൻസ്പെക്ടർ കണ്ടെത്തുന്ന കേസുകൾ എക്സൈസ് സർക്കിൾ ഇൻസ്പെക്ടർമാരും, എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ കണ്ടെത്തുന്ന കേസുകൾ അസി.എക്സൈസ് കമ്മീഷണറും അന്വേഷിക്കേണ്ടതുണ്ട്. |

സെക്ഷൻ ഓഫീസർ